നം.വി.ആർ. 2496200/2024/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം -14
തീയതി 26.06.2024

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി - അധ്യാപക കലാ സാഹിത്യ മത്സരം - സംബന്ധിച്ച്.

വിദ്യാരംഗം കലാസാഹിത്യവേദി ദേശീയ അധ്യാപകദിനാഘോഷത്തോടനുബന്ധിച്ച് സ്കൂൾ അധ്യാപകർക്കായി എല്ലാവർഷവും നടത്തുന്ന കലാസാഹിത്യമത്സരങ്ങൾ ഈ വർഷവും നടത്തുന്നതാണ്. കഥ, കവിത, തിരക്കഥ, നാടകം, ചിത്രം എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. കഥയ്ക്കും കവിതയ്ക്കും വിഷയം ഏതുമാകാം. സ്വന്തം കഥയെ ആസ്പദമാക്കിയുള്ളതാകണം തിരക്കഥാരചന. ചിത്രരചനയ്ക്കു (വാട്ടർകളർ) **'പാറമടയിലെ ഖനനദൃശ്യം'** എന്നതാണു വിഷയം. ചിത്രരചനയുടെ പേപ്പർ സൈസ് ഒരു ഡ്രോയിംഗ് ഷീറ്റിന്റെ പകുതി വലിപ്പത്തിൽ ആയിരിക്കണം.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത സ്കൂളുകളിലെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ അധ്യാപകർക്കു മത്സരത്തിൽ പങ്കെടുക്കാം. കഴിഞ്ഞവർഷം (2023-24) സമ്മാനം ലഭിച്ചവർ വീണ്ടും അതേ ഇനത്തിൽ മത്സരിക്കാൻ പാടുള്ളതല്ല. ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷയുടെ മാതൃക പൂരിപ്പിച്ച് രചനയോടൊപ്പം അയച്ചുതരേണ്ടതാണ്. രചനകളിൽ എഴുതിയ ആളിന്റെ പേരോ സ്കൂളിന്റെ പേരോ രേഖപ്പെടുത്തുവാൻ പാടുള്ളതല്ല. പ്രിൻസിപ്പാളിന്റെ/പ്രഥമാധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം വേണം രചനകൾ അയയ്ക്കേണ്ടത്. രചനയോടൊപ്പം രചയിതാവിന്റെ ഫോട്ടോയും ഉൾപ്പെടുത്തേണ്ടതാണ്. ഒന്നിലധികം മത്സരയിനങ്ങളിൽ പങ്കെടുക്കുന്നവർ വെവ്വേറെ അപേക്ഷാഫാറങ്ങൾ ഉപയോഗിക്കേണ്ടതാണ്. മത്സരത്തിനയയ്ക്കുന്ന രചനകൾ തിരികെ നൽകുന്നതല്ല. അപേക്ഷാഫോമും രചനകളും 2024 ജൂലൈ 31-നകം **എഡിറ്റർ വിദ്യാരംഗം മാസിക, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അയയ്ക്കുന്ന കവറിനു പുറത്ത് 'അധ്യാപക കലാസാഹിത്യമത്സരം 2024' എന്ന് രേഖപ്പെടുത്തേണ്ടതാണ്. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ദേശീയ അധ്യാപകദിനമായ സെപ്തംബർ 5 നു നടക്കുന്ന ചടങ്ങിൽ വച്ച് ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അതതു സമയത്തിൽ വിദ്യാഭ്യാസവകുപ്പ് സ്വീകരിക്കുന്ന തീരുമാനങ്ങൾക്കനുസൃതമായിട്ടായിരിക്കും കലാസാഹിത്യരചനകളുടെ മൂല്യനിർണ്ണയവും പുരസ്കാരവിതരണവും നടക്കുക.

**ഷാനവാസ് എസ്.** ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

- സി.ഇ.ഒ., കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
- ജോയിന്റ് ഡയറക്ടർ (അക്കാഡമിക്), ഹയർ സെക്കന്ററി വിഭാഗം
- ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
- എല്ലാ ആർ.ഡി.ഡി.മാർ
- എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ
- എല്ലാ എ.ഡി.മാർ (വി.എച്ച്.എസ്.ഇ.)
- എല്ലാ പ്രിൻസിപ്പൾമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി.മാർ മുഖേന)
- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
- എല്ലാ പ്രാധാനാദ്ധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

## അപേക്ഷാഫോറത്തിന്റെ മാതൃക

## വിദ്യാരംഗം കലാസാഹിത്യവേദി അധ്യാപക കലാസാഹിത്യമത്സരം 2024

| | | |
|---|---|---|
| 1. | ഇനം | : **കഥ/കവിത/തിരക്കഥ/ഏകാങ്കനാടകം/ചിത്രരചന** |
| 2. | സൃഷ്ടിയുടെ പേര് | : |
| 3. | അധ്യാപകന്റെ/അധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) | : |
| 4. | ഫോൺ നമ്പർ | : |
| 5. | വാട്സ്ആപ്പ് നമ്പർ | : |
| 6. | സ്കൂളിന്റെ ഇ-മെയിൽ | : |
| 7. | മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ചിട്ടുണ്ടോ? | : |
| 8. | ഉണ്ടെങ്കിൽ വർഷം, ഇനം | : |
| 9. | അധ്യാപകന്റെ/അധ്യാപികയുടെ ഒപ്പ് | : |

**പ്രിൻസിപ്പാളിന്റെ/പ്രഥമാധ്യാപകന്റെ സർട്ടിഫിക്കറ്റ്**

ശ്രീ./ശ്രീമതി.......................................................................................... ഈ വിദ്യാലയത്തിൽ ........................................ വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അധ്യാപക കലാസാഹിത്യ മത്സരത്തിനയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അധ്യാപകൻ/അധ്യാപിക സ്വന്തമായി രചിച്ചതാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പ്രിൻസിപ്പാളിന്റെ/പ്രഥമാധ്യാപകന്റെ ഒപ്പ്

തീയതി :

സ്കൂൾ സീൽ